# 2025-2026 വർഷത്തെ മത്സ്യമേഖല ശുശ്രൂഷ വാർഷിക റിപ്പോർട്ട്

## മരിയനാട് ഇടവക

കടലിനെ ആശ്രയിച്ച് ജീവിതം നയിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും പ്രശ്നങ്ങൾ മനസ്സിലാക്കി, അവർക്കു പിന്തുണയും, പ്രോത്സാഹനവും നൽകുക എന്നതാണ് സമിതയുടെ പ്രധാന ലക്ഷ്യം. സഭയുടെ സ്നേഹവും കരുതലും മത്സ്യബന്ധന വിപണന സമൂഹത്തിലേക്ക് എത്തിക്കുന്ന ഈ സമിതി  വിശ്വാസ ജീവിത വളർച്ചയ്ക്കും ഐക്യത്തിനും സാമൂഹിക ഉന്നമനത്തിനും പ്രവർത്തിക്കുന്നു. ബോധവത്ക്കരണ പ്രവർത്തനങ്ങൾ, ദുരന്തകാല സഹായങ്ങൾ, വനിതാ ശാക്തീകരണം എന്നിവ വഴി മത്സ്യമേഖല കുടുംബങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ സമിതി ശ്രമിക്കുന്നു.

202526 കാലയളവിലെ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും അവർ 2025 ജനുവരി 1-ാം തീയതി മുതൽ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

ശുശ്രൂഷ ഘടന

**കൺവീനർ : ശ്രീമാൻ . വിൻസെന്റ് നിക്കോളാസ്**
**സെക്രട്ടറി : ശ്രീമാൻ . രതീഷ്**
**എക്സിക്യൂടീവ് അംഗങ്ങൾ**
**ശ്രീമാൻ .ജോർജ്**
**ശ്രീമതി : ശോശാമ്മ (മത്സ്യക്കച്ചവട സ്ത്രീ ഫോറം പ്രസിഡന്റ്)**
**ശ്രീമതി : സുനി രാജു (മത്സ്യക്കച്ചവട സ്ത്രീ ഫോറം സെക്രട്ടറി)**
**ശ്രീമാൻ .പ്രവീൺ**
**ശ്രീമാൻ .ആന്റോ ജോൺസൺ**

ഈ സമിതിയുടെ നേതൃത്വത്തിൽ മരിയനാട് ഫിഷ്ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾ അച്ചടക്കവും നിയമപരവുമാക്കി. കടപ്പുറം വൃത്തിയാക്കി സൂക്ഷിക്കാനും നിയതമായ ലേലം വിളി ഉറപ്പുവരുത്താനും സാധിച്ചു. 2025-ൽ ക്ഷാമക്കാലത്ത് ഇടവകയിലെ ഓരോ കുടുംബങ്ങൾക്കും 2000 രൂപ വച്ച് നൽകി. ഏകദേശം 40 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവാക്കി. കടൽ അപകടത്തിൽ മരിച്ചവർക്ക് ഒരു ലക്ഷം രൂപ വീതം നൽകി. ഇൻഷുറൻസ് ഇല്ലാത്തവർക്ക് മൂന്ന് ലക്ഷം രൂപ നൽകി. മത്സ്യബന്ധനത്തിനിടെ പരിക്കേറ്റവർക്കും, രോഗികൾക്കും 25000 രൂപ വീതം ചികിൽസ സഹായം നൽകി.

മത്സ്യത്തൊഴിലാളികളുടെ ആജ & ഷുഗർ പരിശോധന നടത്തി. മത്സ്യവിപണനത്തിനു പോകുന്ന സ്ത്രീകളുടെ ഫോറം രൂപീകരിക്കുകയും എല്ലാ മാസവും അവരുടെ യോഗം നടത്തുകയും ചെയ്യുന്നു. സമ്പാദ്യശേഖരണവും ലോൺ നൽകലും ഈ ഫോറം വഴി നടത്തുന്നു. മാർക്കെറ്റുകളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നു. തുടർന്നും മത്സ്യമേഖലയിൽ സജീവമായി പ്രവർത്തിക്കാൻ ഈ സമിതി ആത്മാർത്ഥമായി ശ്രമിക്കുന്നു.